കേരള സർക്കാർ

നം.23248/ഇ1/99/പജ.പവ.വിവ. പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്
തിരുവനന്തപുരം, തീയതി 21.7.99.

## സർക്കുലർ

വിഷയം: ജാതി സർട്ടിഫിക്കറ്റ് – ശരിയായ സർട്ടിഫിക്കറ്റിനുള്ള വ്യക്തിഗത അപേക്ഷകൾ ആവശ്യമായ അന്വേഷണങ്ങൾ നടത്താതെ വിദഗ്ദ്ധ റിപ്പോർട്ടിനയക്കുന്നത് സംബന്ധിച്ച്.

സൂചന: 1. 23.7.1986 ലെ സർക്കുലർ നം. 7903/ഇ2/86/പജ.പവ.വിവ.

2. 12.1.1990 ലെ ജി.ഒ.(പി) 2/90/പജ.പവ.വിവ. നമ്പർ സർക്കാർ ഉത്തരവ്

3. 24.7.1991 ലെ സർക്കുലർ നം.13067/ഇ2/91/പജ.പവ.വിവ.

4. 3.5.1995 ലെ ജി.ഒ.(പി) 16/95/പജ.പവ.വിവ. നമ്പർ സർക്കാർ ഉത്തരവ്

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ശരിയായ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും, സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകണമെന്നും സംശയമുള്ള കേസുകളിൽ വിദഗ്ദ്ധ റിപ്പോർട്ടിനായി കോഴിക്കോട് കിർത്താഡ്സിൽ അയക്കണമെന്നും മറ്റുമുള്ള നിർദ്ദേശങ്ങളുമാണ് മുകളിൽ സൂചിപ്പിച്ച സർക്കുലറുകളിലും സർക്കാർ ഉത്തരവുകളിലും നൽകിയിരിക്കുന്നത്. നാലാമതു സൂചിപ്പിച്ച സർക്കാർ ഉത്തരവ് ഭാഗം 11 (iii) പ്രകാരം അവകാശപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ സ്ഥിതി സംശയാസ്പദമാണെങ്കിൽ, പ്രസ്തുത ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള സത്യവാങ്മൂലം അതിൽ വിവരിച്ച രീതിയിൽ അപേക്ഷകരിൽ നിന്നും എഴുതി വാങ്ങണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ആവശ്യമായ പ്രാദേശികാന്വേഷണം നടത്താതെയും, നാലാമതു സൂചിപ്പിച്ച ഉത്തരവു പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിക്കാൻ ആവശ്യപ്പെടാതെയും, വ്യക്തിഗത ജാതിനിർണ്ണയത്തിനുള്ള അപേക്ഷകൾ തഹസിൽദാർമാർ കിർത്താഡ്സ് ഡയറക്ടർക്ക് (കോഴിക്കോട്) അയക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യഥാർത്ഥ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ യഥാവസരം ലഭ്യമാകുന്നതിൽ ഈ നടപടി അനാവശ്യമായ പ്രതിബന്ധം സൃഷ്ടിക്കുമെന്നതിനാൽ വ്യക്തിഗത ജാതിനിർണ്ണയത്തിനുള്ള കേസുകൾ തഹസിൽദാർമാർക്കു തന്നെ പ്രാദേശികാന്വേഷണം നടത്തി തീരുമാനിക്കാവുന്നതും ഏതൊരു കാരണവശാലും നരവംശ ശാസ്ത്രപരമായ അന്വേഷണത്തിനായി അയക്കരുതെന്നും തീരുമാനമെടുക്കാനാവാത്ത വ്യക്തിഗത അപേക്ഷകൾ വിദഗ്ദ്ധാന്വേഷണത്തിന് കിർത്താഡ്സിലേക്ക് അയക്കുംപോൾ

നാലാമത് സൂചിപ്പിച്ച സർക്കാർ ഉത്തരവിന്റെ അനുബന്ധമായ സത്യവാങ്മൂലം അപേക്ഷകർ എഴുതി സമർപ്പിച്ചാൽ തീർച്ചയായും കിർത്താഡ്സിനു ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു.

വ്യക്തിഗത ജാതിനിർണ്ണയ കേസുകൾ റവന്യൂ അധികൃതരിൽ നിന്നും കിർത്താഡ്സിൽ ലഭിക്കുന്നവയിൽ മേൽപറഞ്ഞ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലാത്തവ അക്കാരണത്താൽ നിരസിക്കേണ്ടതാണ്.

എസ്. സുബ്ബയ്യ,
ഗവ. സെക്രട്ടറി.
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ആർ.ഡി.ഒ, ഡെപ്യൂട്ടി കളക്ടർ, സബ്കളക്ടർമാർക്കും എല്ലാ എല്ലാ തഹസിൽദാർമാർക്കും } ജില്ലാ കളക്ടർ മുഖേന
പട്ടികജാതി വികസന വകുപ്പു ഡയറക്ടർ.
പട്ടികവർഗ്ഗ വികസന ഡയറക്ടർ
ഡയറക്ടർ, കിർത്താഡ്സ്, കോഴിക്കോട് 17
കമ്മീഷണർ, ലാന്റ് റവന്യൂ.

ഉത്തരവിൻ പ്രകാരം,
[signature]
സെക്ഷൻ ഓഫീസർ.